പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2859 | 20/06/2013 -ൽ മറുപടിക്ക്

**സബ് രജിസ്ട്രാർ ഓഫീസുകളിൽ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോജക്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. റ്റി. ബൽറാം<br>" സണ്ണി ജോസഫ്<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോജക്ട് നടപ്പിലാക്കാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോജക്ടിന്റെ ഭാഗമായി, 2010-11 മുതൽ 2012-13 വരെ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ 226 സബ് രജിസ്ട്രാർ ഓഫീസുകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) റവന്യൂ-രജിസ്ട്രേഷൻ വിവരങ്ങൾക്ക് ഏകീകൃത സ്വഭാവം നടപ്പിലാക്കൽ, ഭൂരേഖകളുടെ സുതാര്യവും സുഗ്രഹവുമായ നടത്തിപ്പ്, സബ് രജിസ്ട്രാർ ആഫീസുകളുടെ കമ്പ്യൂട്ടർവത്ക്കരണം, ആധാരവിവരങ്ങളുടെ ഡാറ്റാ എൻട്രി, ഭൂരേഖകളുടെ സ്കാനിങ്ങും സംരക്ഷണവും തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | സി) കെൽട്രോൺ, സി-ഡിറ്റ്, ഉന്നതി-കുടുംബശ്രീ ഐ.റ്റി. കൺസോർഷ്യം, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ എന്നീ ഏജൻസികളുടെ സഹകരണത്തോടെയാണ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. |
| ഡി) ഇവ നടപ്പാക്കുന്നതിൽ എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്? | ഡി) പദ്ധതി പ്രകാരം ലഭിച്ച തുകയുടെ 89.69% വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.